04 OCT

The mic times

Official newsletter of PG Department of JMC, MIC Arts & Science College, Athanikkal

youtube.com/micpoint
instagram.com/mic_mcj.official

## കാലിക്കറ്റ് യൂണിവേഴ്സിറ്റി

# കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിന് തുടക്കമായി



ഫയൽ ഫോട്ടോ

കാലിക്കറ്റ് യൂണിവേഴ്സിറ്റി കോളേജ് യൂണിയൻ ഇലക്ഷൻ തുടക്കമായി. കഴിഞ്ഞ മാസം 28 ന് ശനിയാഴ്ച യായിരുന്നു നോട്ടിഫിക്കേഷൻ വന്നത് .ആദ്യ പ്രസിദ്ധീകരണവും പ്രിലിമിനറി ഇലക്ട്രോൺ റോളും ഈ മാസം 3 ന് വ്യാഴാഴ്ചയാണ് കൊടുക്കേണ്ടത്. നോമിനേഷനിൽ തിരുത്തലുകൾ ഉണ്ടെങ്കിൽ 4 ആം തിയതി വെള്ളിയാഴ്ച 11 മണിക്കുള്ളിൽ തിരുത്തി സമർപ്പിക്കേണ്ടതാണ്. പബ്ലിക്കേഷൻ ഓഫ് ഫൈനൽ ഇലക്ട്റൽ റോൾ 4ാം തിയതി വെള്ളിയാഴ്ച വൈകുന്നേരത്തോടെ അവസാനിക്കും. നാമ നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി 05/10/2024 ശനിയാഴ്ച ഉച്ചക്ക്12:00 അവസാനിക്കുന്നതാണ്. നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള 05/10/2024ശനിയാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നതാണ്.സാധുവായ നാമ നിർദ്ദേശങ്ങളുടെ പട്ടികപ്രസിദ്ധീകരിക്കുന്നതിനുള്ള 05/10/2024ശനിയാഴ്ച വൈകുന്നേരം 05:00 അവസാനിക്കുന്നതാണ്.നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള 07/10/2024 തിങ്കളാഴ്ച ഉച്ചക്ക് അവസാനിക്കുന്നതാണ്. പോളിങ്ങിനുള്ള 10/10/2024 വ്യാഴാഴ്ച 9:30 മുതൽ 12:30 ഉണ്ടായിരിക്കുന്നതാണ്. കൗണ്ടിംഗ് 10/10/2024 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് ആരംഭിക്കുന്നതാണ്. പല പ്രഖ്യാപനത്തിനുള്ള കൗണ്ടിംഗ് കഴിഞ്ഞ ഉടനെ ഉണ്ടായിരിക്കുന്നതാണ്.കോളേജ് യൂണിയൻതെരഞ്ഞെടുപ്പിന്തുടക്കമായി




എൻ എസ് എസ് ദിനത്തോടനുബന്ധിച്ച് എം ഐ സി ആർട്സ് ആൻഡ് സയൻസ് കോളേജ് വിദ്യാർത്ഥികൾ മഞ്ചേരിയിലെ സൽവ ഹോം കെയർ സന്ദർശിച്ചപ്പോൾ


## വയോജന ദിനം ആചരിച്ചു



വിദ്യാർത്ഥികൾ പ്രതിജ്ഞ എടുക്കുന്നു

എം.ഐ.സി കോളജ് എൻ .എസ്.എസിന് കീഴിൽ വയോജന ദിനം ആചരിച്ചു. കോളജിലെ മുഴുവൻ വിദ്യാർഥികളും വയോജന പ്രതിജ്ഞ എടുത്തു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഫൈസൽ ശബാബ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.
പ്രിൻസിപ്പൽ അബ്ദുൽ റഷീദ്, അധ്യാപകരായ സാജിത, ഹഫീഫ, വിദ്യാർഥി കോർഡിനേറ്റർമാരായ അൻഷദ്, ആഷിഖ്, അംന നേതൃത്വം നൽകി.

## കവിതാ മത്സരത്തിൽ സഹല തസ്നിക്ക് രണ്ടാം സ്ഥാനം



*സഹല തസ്നി*

ജൂലൈ 25 ലോക മുങ്ങിമരണ പ്രതിരോധ ദിനാചരണത്തോടനുബന്ധിച്ച് ദുരന്ത നിവാരണ അതോറിറ്റി കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച കവിതാ രചന മത്സരത്തിൽ ഐ സി ആർട്സ് ആൻഡ് സയൻസ് കോളേജിലെ സഹല തസ്നി എം രണ്ടാം സ്ഥാനം കരസ്ഥമാക്കി.കേരളത്തിലെ വിവിധങ്ങളായ കോളേജ് വിദ്യാർത്ഥികൾ മാറ്റുരച്ച മത്സരത്തിലാണ് സഹല തസ്നി രണ്ടാം സ്ഥാനം നേടിയത് എന്നത് ഏറെ പ്രശംസനീയമാണ്.

## ഇന്റർനാഷണൽ ട്രാൻസ്ലേഷൻ ഡേ ആചരിച്ചു



ട്രാൻസ്ലേഷൻ മത്സരത്തിൽ നിന്ന്

ഇന്റർനാഷണൽ ട്രാൻസ്ലേഷൻ ദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ 30ന് എൻ എസ് എസ് ട്രാൻസ്ലേഷൻ മത്സരം സംഘടിപ്പിച്ചു . ഒരു പാരഗ്രാഫ് ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കുമായി വിവർത്തനം ചെയ്യുന്ന മത്സരമായിരുന്നു സംഘടിപ്പിച്ചത്. ഹിന്ദി, അറബി, ഉർദു ഭാഷകളിലും ട്രാൻസ്ലേഷൻ സംഘടിപ്പിച്ചു. തിങ്കളാഴ്ച 2.30 ന് എ വി ഹാളിൽ വെച്ചായിരുന്നു മത്സരം. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ചാണ് മത്സരം സംഘടിപ്പിച്ചത്. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ ഉണ്ടാകുമെന്ന് സംഘാടകർ അറിയിച്ചു.

## എൻ എസ് എസ് ദിനത്തോടാനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു






എൻ എസ് എസ് ദിനത്തോടനുബന്ധിച്ച് നടന്ന വിവിധ പരിപാടികളിൽ നിന്ന്

എൻ എസ് എസ് ദിനത്തോടാനുബന്ധിച്ച് നോട്ട് മീ , ബട്ട് യൂ എന്ന പേരിൽ എം ഐ സി കോളേജിൽ സെപ്റ്റംബർ 24 മുതൽ 27 വരെ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു. 24ന് അധ്യാപകരുടെ നേതൃത്വത്തിൽ ക്യാമ്പസ് മുഴുവൻ വിദ്യാർത്ഥികൾ വൃത്തിയാക്കി. 25ന് അധ്യാപകരും വിദ്യാർഥികളും മഞ്ചേരി സെൽവാ ഹോം കെയർ സന്ദർശിച്ചു. 26ന് എ വി ഹാളിൽ നടന്ന ഹെൽത്ത് അവയർനസ് ക്ലാസ്സിന് ഡോ. മുഹമ്മദ് ഷഹീൻഷാ നേതൃത്വീ നൽകി.

27ന് നടന്ന ട്രാഫിക് ആൻഡ് റോഡ് അവയർനസ് ക്ലാസ്സോടെ എൻ എസ് എസ് ദിനത്തോടാനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടികൾ സമാപിച്ചു.

## രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

എൻ.എസ്.എസിന്റെ ദിനാചരണത്തിന്റെ ഭാഗമായി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. അധ്യാപകരും വിദ്യാർത്ഥികളും ക്യാമ്പിന്റെ ഭാഗമായി. ക്യാമ്പയിനിന്റെ ഭാഗമായി രക്തദാനം ക്യാമ്പയിൻ രാവിലെ 930 മുതലാണ് ആരംഭിച്ചത്. 40 ഓളം കുട്ടികൾ രക്തം ദാനം ചെയ്തു. പെരിന്തൽമണ്ണ ജില്ലാ ഹോസ്പിറ്റലിലെ ഡോക്ടർമാരും നേഴ്സുമാരുമാണ് ക്യാമ്പിന് നേതൃത്വ നൽകിയത്.



രക്തദാന ക്യാമ്പിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു

# ഓണാഘോഷ മായക്കാഴ്ച



*ഓണാഘോഷ പരിപാടി തിരി തെളിയിക്കൽ*


എം. ഐ.സി. കോളേജ് പടക്കളം സംഘടിപ്പിച്ച ഓണാഘോഷ പരിപാടിയിൽ, എല്ലാ ക്ലാസുകളിലെയും അധ്യാപകരും, വിദ്യാർത്ഥികളും, ചേർന്ന് അത്തപ്പൂക്കളം തീർത്തു . കൊട്ടും മേളവും മാവേലിയുമായി പരിപാടികൾക്ക് തുടക്കം കുറിച്ചു. ഓണപ്പാട്ടും ആർപ്പും വിളികളും , ഉറിയടി മത്സരവും, എല്ലാവരെും ആവേശം കൊള്ളിക്കാനായി തീറ്റ മത്സരം, പഞ്ചഗുസ്തി മത്സരം എന്നിങ്ങനെ വിവിധതരം മത്സരങ്ങൾ നടന്നു. ഇതിൽ ഒരുപാട് വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു. വടംവലി മത്സരത്തോടു കൂടി പരിപാടികൾക്ക് അവസാനം കുറിച്ചു.

# തുടരുന്ന
## ബുൾഡോസർ രാജ്

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃതമെന്നാരോപിച്ച് ഭരണകൂടത്തിന്റെ ഒത്താശയോടെ വീടുകളും മറ്റു സ്വത്തുവകകളും ഇടിച്ചുനിരത്തി ബുൾഡോസർ രാജ് നടപ്പാക്കുന്നതിനെതിരെ കുറച്ചു ദിവസം മുമ്പാണ് സുപ്രീംകോടതി രംഗത്തു വന്നത്. ജസ്റ്റിസുമാരായ ബി ആർ ഗവായി, കെ പി വിശ്വനാഥൻ എന്നിവരടങ്ങുന്ന ബെഞ്ച് ബുൾഡോസർ രാജിന് താത്കാലികമായി വിലക്കും ഏർപ്പെടുത്തിയിരുന്നു. നിയമത്തെ ബുൾഡോസർ കൊണ്ട് ഇടിച്ചുനിരത്തുന്നതിന് തുല്യമാണ് ബുൾഡോസർ രാജെന്നും രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് വേണം ഓരോ സംസ്ഥാനങ്ങളും നടപടികൾ സ്വീകരിക്കേണ്ടതെന്നും അന്ന് കോടതി വ്യക്തമാക്കിയിരുന്നു. മാത്രമല്ല ഒരു വ്യക്തി ചെയ്ത കുറ്റത്തിന് വീട് തകർത്ത് കുടുംബത്തെ മുഴുവൻ ബുദ്ധിമുട്ടാക്കുന്നതിൽ എന്ത് നീതിയാണുള്ളതെന്നും കോടതി ചോദിച്ചിരുന്നു. എന്നാൽ സുപ്രീം കോടതിയുടെ ഈ താത്കാലിക വിലക്കിനെ ധിക്കരിച്ച് അസമിലെ ഹിമന്ത ബിശ്വ ശർമയുടെ ബി ജെ പി സർക്കാർ ഗോൾപ്പാറ ജില്ലയിലെ കച്ചുതാലി ഗ്രാമത്തിൽ ബുൾഡോസർ ഉപയോഗിച്ച് 150ഓളം വീടുകൾ തകർത്തുവെന്ന വാർത്ത കഴിഞ്ഞ ദിവസമാണ് പുറത്തു വന്നത്. ഇതിന് മുമ്പ് കച്ചുതാലിയിൽ നടത്തിയ കുടിയൊഴിപ്പിക്കലിനെതിരെ പ്രതിഷേധിച്ചവർക്ക് നേരെ നടത്തിയ വെടിവെപ്പിൽ ഹൈദർ അലി, സുബാഹിർ അലി എന്നീ രണ്ട് ചെറുപ്പക്കാർ കൊല്ലപ്പെട്ടിരുന്നു. അതിനെ തുടർന്ന് നിർത്തി വെച്ചിരുന്ന നടപടിയാണിപ്പോൾ പുനരാരംഭിച്ചിരിക്കുന്നത് എന്നാണ് മനസ്സിലാകുന്നത്. ഈ പ്രദേശം ദക്ഷിണ കാംരൂപിലെ ആദിവാസി മേഖലയായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയാണെന്ന് ചൂണ്ടിക്കാട്ടിയാണ് ഇത്തരം നടപടികൾ എന്നാണ് സർക്കാർ പറയുന്നത്. പ്രസ്തുത വിജ്ഞാപന പ്രകാരം ഈ പ്രദേശത്ത് പട്ടിക, ഗോത്ര വിഭാഗക്കാർക്ക് മാത്രമേ താമസിക്കാനാകും. എന്നാൽ ഭരണകൂടത്തിന്റെ ഈ ആരോപണത്തെ അവിടുത്തെ താമസക്കാർ തന്നെ നിഷേധിക്കുന്നുണ്ട്. പരമോന്നത നീതിപീഠത്തിന്റെ വിലക്കുണ്ടായിട്ടും അത് ധിക്കരിച്ച് യാതൊരു കൂസലുമില്ലാതെ ബുൾഡോസർ രാജ് തുടരുന്ന സംസ്ഥാന സർക്കാറുകൾ രാജ്യത്തെ പൗരന്മാരുടെ സ്വാതന്ത്രമായി ജീവിക്കാനുള്ള അവകാശത്തിലാണ് കൈക്കടത്തുന്നത്. ദിനംപ്രതി ബി ജെ പി സർക്കാറുകൾ ന്യൂനപക്ഷ മത വിഭാഗങ്ങൾക്ക് നേരെ ബുൾഡോസർ ഉപയോഗിച്ചും അല്ലാതെയും ആക്രമണങ്ങൾ അഴിച്ചു വിടുന്നത് അപലപനീയവും പ്രതിഷേധാർഹവുമാണ്. ബുൾഡോസർ രാജുകൾക്കെതിരെ കോടതികൾ പലപ്പോഴും രൂക്ഷമായ ഭാഷയിൽ പ്രതികരിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലാണ് ബുൾഡോസർ രാജിന് താത്കാലിമായി സുപ്രീം കോടതി വിലക്കേർപ്പെടുത്തിയത്. എന്നിട്ടും ബി ജെ പി സർക്കാറുകൾ വീടുകളും സ്വത്തുവകകളും തകർക്കുന്നത് തുടരുന്നു. ഇത് ധിക്കാരമാണ്.

# ഗാന്ധി സ്മരണയിൽ രാജ്യം;
## ഇന്ന് മഹാത്മാവിന്റെ 155 ാം ജന്മദിനം

ഇന്ന് ഒക്ടോബർ രണ്ട്, ഗാന്ധി ജയന്തി. രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിയുടെ 155ാം ജന്മദിനം. അഹിംസയിലൂടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തന്ന ഗാന്ധിജി ഓരോ ഭാരതീയൻറെയും മനസുകളിൽ ഇന്നും ജീവിക്കുന്നു.




1869 ഒക്ടോബർ 2ന് ഗുജറാത്തിലെ പോർബന്തറിൽ കരംചന്ദ് ഗാന്ധിയുടെയും പുത്‌ലിബായിയുടെയും മകനായാണ് ഗാന്ധിജി ജനിച്ചത്.

രാജ്യത്തിന് ദിശാബോധം പകർന്നു നൽകിയ അദ്ദേഹത്തിന്റെ ജന്മദിനം രാജ്യം വിപലുമായി തന്നെ ആഘോഷിക്കുകയാണ്. ഒക്ടോബർ ഒന്നു മുതൽ പരിസരം ശുചിയാക്കുന്ന പ്രവൃത്തികൾ രാജ്യത്തുടനീളം നടന്നു. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അടക്കമുള്ളവർ രാജ്ഘട്ടിലെ ഗാന്ധിജിയുടെ സമാധി സ്ഥലത്തെത്തി ഇന്ന് പുഷ്പാർച്ചന നടത്തും. സംസ്ഥാന സർക്കാരുകളുടെ ഭാഗമായും വിപുലമായ ആഘോഷങ്ങൾ നടക്കും.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിന്റെ മുന്നണി പോരാളിയായിരുന്നു അദ്ദേഹം. ലോകത്തിന് മുന്നിൽ അഹിംസയുടേയും സത്യാഗ്രഹത്തിന്റേയും പുതിയ പാത തുറന്നുകൊടുത്തു ഗാന്ധിജി. അതുകൊണ്ട് തന്നെ ഗാന്ധി ജയന്തി ദിനം അന്താരാഷ്ട്ര അഹിംസ ദിനമായും ആചരിക്കപ്പെടുന്നു. മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്നാണ് യഥാർഥ പേരെങ്കിലും പ്രവർത്തികളിലൂടെ ജനങ്ങൾക്ക് അദ്ദേഹം മഹാത്മ ഗാന്ധിയായി, കുട്ടികളുടെ പ്രിയപ്പെട്ട ബാപ്പുജിയായി.

ഇന്ത്യൻ സ്വാതന്ത്ര്യത്തിൽ ഗാന്ധി നൽകിയ സംഭാവനകൾ ഇന്നും ഓരോ ഇന്ത്യൻ പൗരനും സ്മരിക്കുന്നു. 'എൻറെ ജീവിതമാണ് എൻറെ സന്ദേശം' എന്ന് ഈ ലോകത്തോട് വിളിച്ചുപറഞ്ഞ മഹാത്മ ഗാന്ധി ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് പുത്തൻവഴി വെട്ടിത്തുറക്കുകയായിരുന്നു.

അഹിംസയെ തൻറെ സമരായുധമാക്കിയായിരുന്നു ഗാന്ധിയുടെ യുദ്ധം. ദണ്ഡി യാത്ര, ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം, നിസഹകരണ പ്രസ്ഥാനം തുടങ്ങിയവയുടെ അമരത്ത് ഗാന്ധി ഉണ്ടായിരുന്നു. ഗാന്ധിയുടെ സമര മാർഗങ്ങൾ എല്ലാം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യത്തിലേക്കുള്ള പാതയിലെ സംഭാവനകളായിരുന്നു.



നാച്ചുറൽ ക്ലബ്ബിന്റെ ഭാഗമായി സംഘടിപ്പിച്ച ക്യാപ്ഷൻ മേക്കിങ് മത്സരത്തിൽ പി ജി ഒന്നാം വർഷ വിദ്യാർത്ഥി ഷാഹിർ ജഹാൻ വിജയിച്ചു.


**Editorial Board**

Chief Editor : Ameer Ali AK(HoD,JMC)
Editors : Suhailudheen T , Jumana T (Asst. Prof.JMC)

Members : Irshad, Divyasree, Salva, Aparna, Nihad, Ajil,Milhaan, Jaseem, Shahir, Sumayya